

GGHSS
Madappally
Window
DIGITAL MAGAZINE
2019-20
little
KITEs



ഞങ്ങൾക്ക് അക്ഷരവെളിച്ചം പകർന്നു തന്ന

ഗുരുക്കൻമാർക്ക് സമർപ്പിക്കുന്നു

# പത്രാധിപ സമിതി



# ഉള്ളടക്കം

ആമുഖം

ഓണാഘോഷം

സ്ക്കൂൾ കലോൽസവം

സ്ക്കൂൾ ശുചീകരണം

ലിറ്റിൽ കൈറ്റ്സ്

പഠനയാത്ര

സൈബർ സുരക്ഷാ ക്ലാസ്

ഭിന്നശേഷി സൗഹൃദ വിദ്യാലയം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

ജെ ആർ സി അംഗങ്ങൾ

ഗൈഡ്സ് അംഗങ്ങൾ

ബാൻഡ് ട്രൂപ്പ്

മേളകളിലെ താരങ്ങൾ

കുട്ടികളുടെ രചനകൾ

കുട്ടികൾ വരച്ച ചിത്രങ്ങൾ

അദ്ധ്യാപകരുടെ രചനകൾ

# ആമുഖം

ലോകം ഇന്ന് വിരൽ തുമ്പിലേക്ക് ഒതുങ്ങിയിരിക്കുകയാണ്. മാറുന്ന ലോകത്തിനനുസരിച്ച് നമ്മളും മാറിക്കൊണ്ട് ഇരിക്കുന്നില്ലായെങ്കിൽ കാലത്തിന്റെ ഭ്രമണപഥത്തിൽ നിന്നും പുറന്തള്ളപ്പെടും എന്ന് തീർച്ചയാണ്.

വിശാലമായ ഈ ലോകം കുഞ്ഞു ഗ്രാമമായി ഒതുങ്ങുമ്പോഴും ഓരോ വ്യക്തിയും ഓരോ ലോകമായി മാറുന്ന വൈപരീത്യം കൂടി നാം കണ്ടു കൊണ്ടിരിക്കുന്നു. പരസ്പരം അറിയാത്ത അയൽക്കാർ, സഹപ്രവർത്തകർ, സഹപാഠികൾ....... അവനവൻ കേന്ദ്രീകൃതമായ ഒരു ലോകക്രമം രൂപപ്പെടുന്നത് കണ്ടില്ലെന്നു നടിക്കാൻ നമുക്ക് കഴിയില്ല.

Kite എന്നാൽ പട്ടം. അനന്തമായ ആകാശനീലിമയിൽ കുഞ്ഞു പൊട്ടുകൾ പോലെ പാറിപ്പറക്കുന്ന പട്ടങ്ങൾ ആണ് കുട്ടികൾ. ചരടിന്റെ ഇങ്ങേ അറ്റം കൈവിട്ടു പോവാതെ, താണ്ടുന്ന ഉയരങ്ങൾക്ക് അനുസരിച്ച് അയച്ചു കൊടുക്കുന്ന വിരൽ ആവണം അധ്യാപകരും രക്ഷിതാക്കളും.

കഴിവുകൾ ഇല്ലാത്ത ആരുമില്ല. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ കഴിവുകൾ വ്യത്യാസപ്പെട്ടിരിക്കാം എന്ന് മാത്രം. കഥയായും കവിതയായും അനുഭവക്കുറിപ്പായും ചിത്രങ്ങളായും ഓരോരുത്തരും ആത്മാവിഷ്കാരം നടത്തിയിരിക്കുകയാണ് ഇവിടെ. കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗ സൃഷ്ടികളുടെ വിഹഗ വീക്ഷണമായും ഈ മാഗസിനിനെ വായിച്ചെടുക്കാം.

**സ്റ്റാഫ് എഡിറ്റർ**

ഇരുപത്തിയൊന്നാം നൂറ്റാണ്ട്- വികസിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടം. സാങ്കേതിക വിദ്യകൾ ഏറ്റവും ഉന്നതിയിൽ എത്തിയിരിക്കുന്നു. അനുദിനം പുരോഗമിക്കുന്ന ശാസ്ത്രസാങ്കേതിക വിദ്യ. ഐ. സി. ടി കൂട്ടായ്മയുടെ പ്രവർത്തന ഫലമായി ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായ കേരളത്തിൽ വന്ന സംഘടനയാണ് ലിറ്റിൽ കൈറ്റ്സ്. നമ്മുടെ സംസ്ഥാനമായ കേരളത്തിലെ സ്കൂളുകൾ ഹൈടെക് ആയതോടു കൂടിയാണ് ഈ ക്ലബ്ബ് രൂപം കൊണ്ടത്. ഒരു ലക്ഷത്തോളം കുട്ടികളെ അണിനിരത്തി കൊണ്ട് ക്ലബ്ബ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ഈ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ വിദ്യാലയമായ ജി. ജി. എച്ച്. എസ്. എസ്. മടപ്പള്ളിയിലെ കുട്ടികളുടെ കഴിവുറ്റ കലാസൃഷ്ടികളും മറ്റും ഉൾപ്പെടുത്തി കൊണ്ട് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണിത്. അഞ്ച് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ രചനകളാണ് ഞങ്ങൾ ഈ മാഗസിനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങളാണ് ഇതിന്റെ അണിയറയിൽ ഉള്ളത്. ശാസ്ത്രസാങ്കേതിക വിദ്യ ഈ മാഗസിന്റെ നിർമാണത്തിൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. എന്റെ വിദ്യാലയത്തിന്റെ ഈ ഡിജിറ്റൽ മാഗസിന്റെ ലോകത്തേക്ക് ഒരു യാത്രയാവാം..............

സ്റ്റുഡന്റ് എഡിറ്റർ



സ്ക്രൂൾ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

നിഷ സി കെ, പ്രിൻസിപ്പാൾ



സ്കൂൾ ലിറ്റിൽ കൈറ്റ്സ് നേതൃത്വം നൽകി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനും അതിന് പിന്നിൽ പ്രവൃത്തിച്ച മുഴുവൻ പേർക്കും അഭിനന്ദനങ്ങൾ.

ധനേഷ്. കെ. പി, വൈസ് പ്രിൻസിപ്പാൾ



വിവര സാങ്കേതികരംഗത്ത് ഏറ്റവും നൂതനമായ അറിവ് ലഭ്യമാക്കുന്ന, ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനും അറിവിന്റെ പുതിയ വാതായനങ്ങൾ തുറക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന പ്രിയപ്പെട്ട കുട്ടികൾക്കും അവർക്ക് പ്രചോദനമേകുന്ന സഹപ്രവർത്തകർക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

**രാജീവൻ.എൻ.പി**

**സീനിയർ അസിസ്റ്റന്റ്**



**AGHOSH N M, KITE MASTER**



**JYOTHI M P, KITE MISTRESS**

# <u>ഓണാഘോഷം</u>











# സ്ക്കൂൾ കലോൽസവം









# <u>സ്ക്കൂൾ ശുചീകരണം</u>







# ലിറ്റിൽ കൈറ്റ്സ്

School Level Camp





## LITTLE KITES SUB DISTRICT LEVEL CAMP











# പഠനയാത്ര







# സൈബർ സുരക്ഷാ ക്ലാസ്





# ഭിന്നശേഷി സൗഹൃദ വിദ്യാലയം







# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ







# ജെ ആർ സി അംഗങ്ങൾ







# ഗൈഡ്സ് അംഗങ്ങൾ



# ബാൻഡ് ട്രൂപ്പ്



# മേളകളിലെ താരങ്ങൾ

## മികച്ച നടി

യു. പി തലം - അഥീന

സ്കൂൾ തലം - വിഷ്ണുപ്രിയ





## ജില്ലാ കലോൽസവത്തിൽ
## ശാസ്ത്രീയ നൃത്തയിനങ്ങളിൽ എ ഗ്രേഡ് നേടിയ ദേവിക യു ആർ



# പ്രവൃത്തി പരിചയമേള

## ഉപജില്ലാ തലം ഒന്നാം സ്ഥാനം



## സംസ്ഥാന തലം എ ഗ്രേഡ്

സ്നേഹശശി , ഗായത്രി എൻ ആർ




# ഗണിതശാസ്ത്രമേള

വേദ രവീന്ദ്രൻ, വൈഗ എം എം, ശ്രേയ എം പി



## സമൂഹ നൃത്ത പരിപാടിയിലൂടെ ഗിന്നസ് റെക്കോർഡ് നേടിയ സംഘത്തിൽ ഉൾപ്പെട്ട സഹോദരിമാരായ കാവ്യയും ദേവികയും



## ഗണിത ശാസ്ത്രമേളയിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടിയ ദേവനന്ദ



# ജീവിതയാത്ര

**ദേവനന്ദ പ്രസീദ്**
**6 C**

ഈ ക്രൂരിരുൾ പാതയിലെ ജീവിതയാത്രയിൽ
ഹൃദയത്തിന്റെ എഴുത്തുപലകയിൽ
ചിതലരിച്ച ഓർമ്മയിൽ നിന്നും -
നഷ്ടങ്ങളുടെ കാണാക്കയത്തില്......
കിനാവിലും കണ്ണുനീർ തന്നിട്ട്
മോഹങ്ങളുടെ അതിർവരമ്പുകൾ ഭേദിച്ച്
വീണ്ടും നഷ്ട വസന്തങ്ങൾ എന്നെ
തേടിയെത്തി...............
ജീവിതം ഇരുപുറങ്ങളും ചുമക്കുന്ന
നാണയങ്ങളാണെന്നെന്നെ പഠിപ്പിച്ചു...
അങ്ങനെ ഞാൻ കാലത്തിന്റെ
ചൂതാട്ട മത്സരത്തിന്റെ തോൽവിയുടെ
കയ്പ്പുള്ള മധുരകം നുണഞ്ഞു....
എങ്കിലും വീണ്ടുമുതിക്കുമെൻ
ഓർമ്മതൻ ഏടിൽ
ഓർക്കാൻ മധുരമേകം ദിവസങ്ങൾക്കായ് വീണ്ടും.



## An Angel

One day a guest come to my dream!
Who gave me many blessing
She has a magic stick in her hand;
Her mind is full of peace,
And she had a wings of dove.
She gave me many presents,
She came by spreading light of knowledge;
And she was no one
But An Angel!!!

**J. S. Sreya VIII D**

# LITTLE BLUE DAISES



Little blue daises in my flowerbed
First came the ladybird red red red
Fly away lady bird
Said the daisy blue
Poor little lady bird
Flew... Flew... Flew...

Then came the grasshopper
Green green green
He hid in the leaves
not to be seen
Hop away grasshopper
Said the daisy blue
Poor little grasshopper
went hop... hop... hop...

Third came the bumble bee
Black Black Black
Humming to himself
A brand new song, Fly away bumble bee
Said the daisy blue, poor little bumble

Went buzz... buzz... buzz...
Last came the butterfly
Flap, Flap, Flap
welcome cried the daisy
clap... clap... clap...

Devananda. R
**7 D**

# A Fine Day

Thasleena nesrin (8.c)

As the rain sailed away
the snow gone away
the cock is crowing
the stream is flowing
and the birds are singing
it's give a possitive thinking
and the old and youngest
working at the fiweld
the cattles are rearing
their heads are not rising
the sun shine brighter until.



# ജലത്തിന്റെ കത്ത്

നഫീസത്തുൽ മിസ്രിയ
8th -A

എനിക്കും ചിലതുണ്ട് പറയാൻ;
എന്റെ തെളിമയിലും സ്ഫുരിക്കുന്ന
ചില കാഴ്ചപ്പാടുകൾ,
ചിന്താഗതികൾ, വിലാപങ്ങൾ

നിങ്ങൾക്കു വേണ്ടി , ഞാൻ,
പുഴയായി,നദിയായി,സമുദ്രത്തെ പുൽകി
നിന്റെ കണ്ഠത്തിലെ നീരുറവയായി,
നിന്റെ സിരകളിലെ തെളിനീരായി...
നിന്റെ നെഞ്ചിൽ വിയർപ്പായ്മാറി...
നിനക്കായ് ,ഒരുപക്ഷേ ,ജീവശ്വാസമായ് ഞാൻ...

എങ്കിലും,നീ കൊല്ലുകയാണ്
നിനക്കുമതിവരാത്ത സ്വാധീനത്താൽ
നീ എന്റെ അമ്മയെ കൊന്നു.....
പുഴയായി അവർ ഇന്നൊഴുകിയിരുന്നെങ്കിൽ
എനിക്ക് ആ ഹൃദയമൊന്നുസ്പർശിക്കാമായിരുന്നു

നിന്നക്ക് വലിച്ചെറിയാന്നുള്ളതൊക്കെ
നീ എന്നിലേക്കു നൻകീ....
ഞാൻ വിടചൊല്ലട്ടെ?
ആകാശത്തേക്കൊരു മഞ്ഞുതുള്ളിയായി...തിരിച്ചുവരാതെ



# മഴയോർമ്മ

സ്ക്രൂൾ തുറക്കുന്നന്ന്
എന്നോടൊപ്പം
അവളുമുണ്ടായിരുന്നു....
വഴി നീളെ ഞങ്ങൾ
ഒരുപാട് കഥകൾ
പങ്കുവെച്ചു....
തൊടികളും കുളങ്ങളും
സമൃദ്ധമാക്കി
കുട്ടികളോടാർത്തുല്ലസിച്ച
ഒരു കാലം
അവൾക്കുമുണ്ടായിരുന്നു.
വേനൽ കുത്തേറ്റ് പിടഞ്ഞ
പാടങ്ങളെ അവൾ
നനച്ചുയിർപ്പിച്ചു.
പൊത്തിലിരുന്ന പോക്കാച്ചി
തവളകൾക്കൊപ്പം
അവളും പാടി
അകലെയെവിടെയോ
കാത്തിരിക്കുന്ന
മലമുഴക്കികളുടെ ദാഹമകറ്റി...



**ഹരിത. വി**

# ചക്ക

ദേവിക 9 D

ചക്ക കണ്ടോ ചക്ക
കൊട്ട പുതച്ചൊരു ചക്ക
കരുമടലുള്ളൊരു ചക്ക,
മടലതു ചെത്തിപ്പോക്കു
കുരുവും ചുളയും കാണാം.
കറിവെച്ചാലതു കൂട്ടും
ഉപ്പേരിക്കതു കേമം,
ചക്ക പഴുത്താലോ ഹാ!
ചക്കപ്പഴവും തിന്നാം
ചക്ക പറിക്കാൻ
കൊക്കയെടുക്കാൻ പോകൂ.



# പൂമ്പാറ്റ

ഭാവിക കെ ടി കെ (5 A)

പൂമ്പാറ്റേ.........പൂമ്പാറ്റേ.........

എവിടേ നീ.............

പൂമ്പാറ്റേ........പൂമ്പാറ്റേ....

എവിടേ നീ......

നിൻ ഭംഗിയുള്ള ചിറകുകൾ എവിടെയാ......

നിന്നെ കാത്തു നിൽക്കുകയാണ് പൂക്കൾ...

പൂമ്പാറ്റേ.......പൂമ്പാറ്റേ.......

എവിടെ നീ.........

നിന്നെ കാണാൻ എന്തൊരു അഴകാണ്

നിന്നെ കാണുമ്പോൾ തന്നെ കുളിരാണ്

പൂമ്പാറ്റേ....പൂമ്പാറ്റേ.......പൂമ്പാറ്റേ........

# പ്രത്യുപകാരം

**ആർജ്ജിത.പി.കെ 8th-C**

ഒരു പാവപ്പെട്ട കുട്ടിയാണ് ആലീസ്. നേരത്തെ തന്നെ അച്ഛൻ മരിച്ചുപോയ അവൾ സുഖമില്ലാത്ത അമ്മയ്ക്കും കുഞ്ഞനുജനും ഒപ്പമാണ് താമസിക്കുന്നത്. അടുത്തുള്ള വീടുകളിൽ സഹായിച്ച്, അവർ നൽകുന്ന തുച്ഛമായ കാശ് കൊണ്ടാണ് ആ കുടുംബം അവൾ പുലർത്തുന്നത്.

ഒരു ദിവസം അവൾ അടുത്ത ഗ്രാമത്തിലുള്ള അമ്മായിയുടെ വീടിൽ നടക്കുന്ന വിരുന്നിന് സഹായിക്കാനായി പോയിക്കൊണ്ടിരിക്കുമ്പോൾ ഒരു ശബ്ദം കേട്ട് നോക്കുമ്പോൾ ഒരു ചെമ്മരിയാട് ഒരു കുഴിയിൽ വീണ്, അവിടെ കിടന്ന് നിലവിളിക്കുകയാണ്. അവൾ ചെമ്മരിയാടിനെ ഒരുവിധം കരകയറ്റി.

അപ്പോഴേക്കും അവളുടെ ഉടുപ്പിൽ നിറയെ ചെളി പുരണ്ടിരുന്നു. നേരം വൈകിയതു കാരണം അവൾ ഓടി അമ്മായിയുടെ വീടിലെത്തി. " നേരം വൈകിയതും മതിയാകാതെ, ഉടുപ്പിൽ നിറയെ ചെളിയുമായിരിക്കുന്നോ...ആരും കാണാതെ പൊയ്ക്കോ ഇവിടുന്ന്..." അമ്മായി ആലീസ് കരഞ്ഞുകൊണ്ട് തിരിച്ച് വീട്ടിലേക്ക് പോന്നു.

നല്ല തണുപ്പുള്ള ഒരു ദിവസം അവളുടെ അനുജൻ തണുത്തുവിറക്കുന്നതുകണ്ട് അവൾ തുന്നൽക്കാരിയായ ബെല്ലയുടെ അടുത്തുചെന്ന് ചോദിച്ചു; 'ബെല്ലചേച്ചി, എന്റെ കുഞ്ഞനുജൻ തണുത്തുവിറക്കുന്നത് കണ്ട് സഹിക്കുന്നില്ല. ചേച്ചി അവനുവേണ്ടി ഒരു ക മ്പിളിക്കുപ്പായം തുന്നിത്തരാമോ? നീ കമ്പിളികൊണ്ടു-വന്നാൽ ഞാൻ തുന്നിത്തരം. കമ്പിളി വാങ്ങാൻ പണമില്ലത്തതു കാരണം അവൾ സങ്കടത്തോടെ വീട്ടിലേക്ക് തിരികെ നടന്നു. വഴിയിൽ വെച്ച് അവൾ, താൻ മുൻപ് രക്ഷിച്ച ചെമ്മരിയാട് പറഞ്ഞു, നീ വിഷമിക്കണ്ട. ഞാൻ എന്റെ രോമം തരം. നല്ലവളായ നിനക്ക് എന്റെ രോമം തരാൻ എനിക്ക് സന്തോഷമേയുള്ളു. അവൾ കൊടുത്ത കമ്പിളി രോമങ്ങൾ ഉപയോഗിച്ച് ബെല്ല അവൾ കുപ്പായം തുന്നിക്കൊടുത്തു. തന്റെ അനുജൻ ആ കുപ്പായവുമിട്ട് തുള്ളിച്ചാടിനടക്കുന്നത് ആലീസ് സന്തോഷത്തോടെ നോക്കിനിന്നു.

# GREED
# THE STRANGE SIN

Devananda. Raj VIII C

Long ago there lived two sisters Meena and Reetha. Reetha has an intense and selfish desire for everything especially wealth, power, food and she always like to beautify her self. She wanted to be the most beautiful girl. But Meena is explicitly different from Reetha. She is more than a good women and good person, she has a beautiful soul, who carries light in her smile and love in her bones. She is always a fascinate to every one. She is also affable, attractive, handsome, personable, well favoured and amiable pretty girl. She is more beautiful than Reetha. So Reetha is green eyed towards Meena. She make Meena do all the jobs. Reetha took all the money that Meena gain. But she never complains. Reetha has a pot in which she save all her money. There is a forest near their house, they have to cross the forest to reach the town. They had heard a lot of superstitious things about that forest, so every one is so afraid to go through it. One day Reetha decides Meena to go through the forest. So she pretended to be ill and asked Meena to go to the town and buy medicines. She is so afraid but she agreed to go. She took a blanket to avoid the cold climate and a gold coin to buy the medicine, She started her journey. After walking a while she saw an old man who is shivering, because of the cold climate. He asked her for help. Didn't minding her situation, she gave that blanket to the old man, He thanked her. After a long time, she met a lady who is so hungry and she was murmuring that she was so hungry and she had nothing to eat, for the past two days. There were no food item on Meena 's hand, so she gave that gold coin to that lady by feeling so sad. Lady became so happy and she said "your so kind and helpful to others", by saying this the lady gave a key to Meena and said it will be useful to you. A lot of questions arise to her mind. But she walked away from there with that key suddenly a box appeared in front of her. After thinking a while she opened that box with that key. She became so surprised, she can't believe her eyes. It is full of gold coins, gradually a fairy came there and said "i like you very much and i am pleased to see your kindness, your soft heart and a good helping mind towards others. Meena didn't understand whether it is a dream or real. "It's me", the old man and lady "you can take as much as gold coin you need", fairy said to her. Meena became happy because she was disturbed by thinking about the medicine. She took one gold coin and said "it's enough for me,

thank you for this". The fairy became so pleased "oh! My little girl, your so empathetic, so you can take the whole gold coins. Its my gift for you, so have it". Suddenly the fairy said a slogan and a medicine appeared in her hand and gave to Meena. She said thank you to the fairy and get away from there. She fastly ran towards the house and said everything to her sister. By hearing this she become so jealous, she took all the gold coins from Meena and then by buying that key from Meena. Reetha ran towards the forest. She saw the old man and the lady but she didn't help them. After going a while Reetha also saw the box which is closed, she gradually open it. Suddenly a demon appears and said "you are really unkind and greedy. You didn't mind the persons who needed your help, so you must get the punishment for this", Reetha became too frightened. After saying a slogan Reetha became an ugly girl. The demon took a mirror and show her face on it, she became so afraid to see herself, she had became too ugly. And the demon started to run towards her and she also start to run to her house and finally she reach there. Meena came there and she became afraid by seeing Reetha. She asked about that and Reetha told everything to her. They both were equally afraid. Slowly Meena look like a queen and Reetha like a servant. Her heart broken and started to understand her cruelty. Reetha took that pot and give to Meena and asked her to forgive. Meena said "Oh! My dear sister now you have understood your fault, so you can take this, I didn't want it". "oh! My dear i am so lucky to get a sister like this, but i am so unkind and unpretty girl, I was so jealous, but your so kind and helpful to others". At that time gradually Reetha change and became as she before and her money also came back. The fairy came there and said, "now you have understood your stray. And never go back to your past life- Reetha said thank you to the fairy for transforming her. They both became so happy and then they lead a happy life. The fairy then fly to the sky and remains as a star for all the peoples who didn't know their way or just cross their way. The two sisters then lived a wonderful life by helping each other. Greed makes man blind , foolish and who wants everything every time will loss anything anytime. Just remember the real meaning of greed that is taking more than you give. Greed is strange, strange is sin. For a better generation be helpful to you and others.

# THE UNTRUSTWORTHY FRIEND

Devananda 7

There was a hare in a forest. He made friendship with a wild dog. The dog would meet the hare every day and they would play until dusk.

One day while they were playing the dog bit the hare very hard on his leg. The hare screamed out in pain. He thought he would die that instant.

Just then, the dog started licking the hare's wound. The hare was taken back, by this action.

He said "when i was playing with you, you bit me hard. When i screamed with pain you began licking my wound. What does this mean?" the wild dog didn't answered. The hare said " if you don't want my friendship, let us part ways peacefully. It is better than being friends , and causing pain to each other without any reason

The dog started barking at the hare.

"An untrustworthy friend is worse than an enemy………"

# ചുവപ്പ്

അവൾ എന്തോ തിരിഞ്ഞമട്ടിൽ മുറിയിലെ ഫാനിലേക്ക് കണ്ണും നട്ടിരുന്നു. അതെ,അതുതന്നെ, താൻ തിരഞ്ഞത് ലഭിച്ചിരിക്കുന്നു.sslc റിസൾട്ട് ! അവളുടെ ചിന്തകളെ തടസപ്പെടുത്തിക്കൊണ്ട് വലീയ ശബ്ദത്തോടുക്കൂടി വാതിൽ തുറക്കപ്പെട്ടു.അവൾ പ്രതീക്ഷച്ചതുതന്നെ,അത് അമ്മയായിരുന്നു.ഒരക്ഷരമുരിയാടാതെ കിടക്കയിലുള്ള സ്മാർട്ട് ഫോൺ അമ്മയുടെ കൈകളിലേക്ക് നൽകി,മുറിയെ നിശബ്ദമാക്കി ക്കൊണ്ട് അവൾ വരാന്തയിലേക്ക് നടന്നു.നേരെ മുമ്പിലുള്ള താണ് ശ്രുതിയുടെ വീട്. ശ്രുതി,തന്റെ ക്ലാസിലാണ് അവൾ അവിടേക്ക് തന്റെ നോട്ടത്തെ തിരിച്ചു.ശ്രുതിയും അവളുടെ അമ്മയും വരാന്തയിൽ എത്തിച്ചേർന്നു.ശ്രുതിയുടെ അമ്മ നീട്ടിവിളിച്ചു,എടീ,വനജേ,.കാവ്യയുടെ അരികിലേക്ക് വനജ എന്ന അവളുടെ അമ്മ,സ്മാർ ഫോണുമായി വന്നു നി ന്നു.വനജേ ശ്രുതിക്ക് 10 ഏ പ്ലസാ,കാവ്യക്കോ ശ്രുതിയുടെ അമ്മ അത് പറഞ്ഞത് അല്പം ജാഡയോടെയാണോ ആയിരിക്കാം. വനജ കാവ്യയെ തുരിച്ചു നോക്കി,ഇടറിയ ശബ്ദത്തോടെ പറഞ്ഞു, 3 ഏപ്ലസ്,1 ഏ.അവർ അകത്തേക്കു നടന്നു. കാവ്യയുടെ ഹ്രദയം പൊട്ടിപ്പോയി.ആ രക്തം പുറത്തേക്കൊഴുകിയത് കണ്ണിലൂടെ ആയിരുന്നു. അസത്ത്,എത്ര കഷ്ടപ്പെട്ടാ നിന്നെ ഞാൻ പഠിപ്പിച്ചെ, എന്നിട്ട്, അമ്മ പൊട്ടിക്കെറിച്ചു.അമ്മ എന്നെ എന്തു പഠിപ്പിച്ചു?എന്നെ ശ്രദ്ധിച്ചിട്ടില്ല. അമ്മയ്ക്ക് ജോലിയല്ലേ വലിത്,എന്ന് ഉറക്കെ പറയണമെന്ന് ഉണ്ടായിരുന്നു അവളുട് ചുണ്ടുകൾ മൗനമായിരുന്നു.തന്റെ ജോലിക്കിടയിൽ ഒരിക്കൽ പോലും സ്വന്തം മകളെ ശ്രദ്ധിക്കുകയോ പ്രോൽസാഹിപ്പിക്കുകയോ അവളെ നന്നാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല എന്ന സത്യം വനജ ഒരിക്കൽ പോലും ചിന്തിച്ചിട്ടില്ല.പോ ഇവുടെ നിൽക്കണ്ട,അവൾ ആക്രോശിച്ചു കാവ്യ പടിയിറങ്ങി.കാലുകൾ മനസ്സിന്റെ ഭാരം കുറച്ചു. കണ്ണുകൾ നിറഞ്ഞൊഴുകുന്നതാകാം,അവളുടെ കാഴ്ചയെ മറക്കാൻ കാരണം.അതുക്കൊണ്ടാവാം,ചുവന്ന സിഗ്നൽ അവൾ കാണാതെ പോയത് ! കാൽ നടക്കാരുടെ ചുവന്ന സിഗ്നൽ അവളുടെ കാഴ്ചയിൽ നിന്ന് മറഞ്ഞുപോയത് !

# സാമൂഹ്യ മാധ്യമ കെണി

അനുദിനം പുരോഗമിക്കുന്ന സാങ്കേതിക വിദ്യയുടെ ലോകത്താണ് നാം ജീവിക്കുന്നത്. വിദ്യർത്ഥികളെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സാങ്കേതിക വിദ്യയെ ആശ്രയിക്കുന്നുണ്ട് പഠനപരമായ കാര്യങ്ങളിൽ പുത്തൻ ഉണർവ് നൽകാനും പുതിയ ആശയങ്ങൾ രൂപീകരിക്കാനും സാങ്കേതിക വിദ്യ കുട്ടികളെ സഹായിക്കുന്നുണ്ടെങ്കിലും ഇതിന്റെ അമിത ഉപയോഗം യുവതലമുറയെ വല്ലാത്ത സംഘർഷങ്ങളിലും കൊണ്ടെത്തിക്കുന്നുണ്ട്. വാട്സാപ്,ഫെയ്സബുക്ക്...തുടങ്ങിയ സമൂഹമാധ്യമങ്ങൾ കുട്ടികളെ സമൂഹത്തിൽ നിന്നു തന്നെ ഒറ്റപ്പെട്ട് നിൽക്കാനുള്ള ഒരുതരം മാനസിക അവസ്ഥയിലേക്ക് കുട്ടികളെ എത്തിക്കുന്നുണ്ട്. കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള വിവിധതരം ഗെയ്മുകൾ ഇന്നുണ്ട്.എന്നാൽ അവയും കുട്ടികളുടെ വൈകാരിക സംതുലനാവസ്ഥ നഷ്ടപ്പെടുത്തുകയും കുട്ടികളിൽ ആത്മഹത്യ പ്രവണത പോലുള്ള മാനസിക അവസ്ഥയിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

സോഷ്യൽ മീഡിയയുടെ കടന്നുവരവോടെ കുട്ടികളിലെ വായനാശീലം കുറയുകയും അവരുടെ ഭാഷാപരവും,ആശയപരവുമായ വികാസം തടസ്സപ്പെടുകയും ചെയ്യുന്നുണ്ട്.കൂടാതെ അവരുടെ സ്വഭാവരീതികളേയും ഇത് സ്വധീനിക്കുകയും മുതിർന്നവരോടുള്ള പെരുമാറ്റം പോലും മാറ്റിമറിക്കുകയും ചെയ്യുന്നു. കുട്ടികളിലെ ബുദ്ധിപരമായ കഴിവുകൾ നശിപ്പിക്കുന്നതിൽ ഇത്തരം സാങ്കേതിക വിദ്യകൾ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്.

ഇത്തരം ഗെയ്മുകൾ, ആപ്ലിക്കേഷനുകളും കുട്ടികളുടെ നല്ല സമയത്തെ കവർന്നെടുക്കുകയാണ് ചെയ്യുന്നത്. അതിനാൽ സമയ ബന്ധിതമായി മുതിർന്നവരുടെ നിയന്ത്രണത്തിൽ മാത്രമേ കുട്ടികൾക്ക് ഇത്തരം സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യാൻ സമ്മതിക്കാവൂ.........

**വർണ്ണന ഷെനിത്ത്**

# ചന്ദ്രതാളിലേക്ക്

ശ്രീമയി. കെ. കെ 9 E

സെപ്റ്റംബർ 7 തീയ്യതി ഞങ്ങളുടെ യാത്ര പുറപ്പെടുന്നത്. ഇത്തവണ യാത്ര ഹിമാചൽ പ്രദേശിലെ സ്പിതി താഴ്വരകളിലേക്കാണ്. യാത്രയുടെ ഒരുക്കങ്ങൾ മാസങ്ങൾ മുൻപ് തന്നെ ആരംഭിച്ചെങ്കിലും ഇതിനിടെ ഉണ്ടായ ചില പ്രതിബന്ധങ്ങൾ കാരണം യാത്ര നീണ്ടുപോയി. കേരളത്തിലെ പ്രളയം, ഹിമാചൽ പ്രദേശിലെ പ്രളയം, കൊങ്കൺ റെയിൽവെയിൽ മണ്ണിടിച്ചിൽ എന്നിവയാണ് അവ. ഇതൊക്കെ മറികടന്ന് ഞങ്ങൾ യാത്ര പുറപ്പെട്ടു. കൊച്ചുവേളി- ചണ്ഡിഗണ്ഡ് കേരള സമ്പർക്ക് ക്രാന്തി എക്സ്പ്രസിലാണ് 44 പേരടങ്ങുന്ന ഞങ്ങളുടെ യാത്രാസംഘത്തിന്റെ യാത്ര.

പിറ്റേന്ന് ഉറക്കമുണർന്നപ്പോൾ വണ്ടി മഹാരാഷ്ട്രയിലെത്തിയിരുന്നു. പൻവേൽ എന്ന സ്ഥലത്തു നിന്നാണ് ഉച്ചഭക്ഷണം. ഉത്തരേന്ത്യയിലെ ഭക്ഷണം ഇതാണ് ഈ യാത്രയിൽ ഞാൻ നേരിടാൻ പോകുന്ന ഏക പ്രശ്നം.

ജീവൻ നിലനിർത്താൻ വേണ്ട ഭക്ഷണം മാത്രമാണ് ഞാൻ 15 ദിവസവും കഴിച്ചത്. ഈ യാത്രയിൽ വച്ച് എനിക്ക് സീബ ആന്റിയേയും ഒരു ചേച്ചിയേയും കിട്ടി. ഒരു സഞ്ചാര പ്രിയയാണ് സീബ ആന്റി.

സെപ്റ്റംബർ 10 ന സ്പിതിയിലേക്കുള്ള ഞങ്ങളുടെ യാത്ര ആരംഭിച്ചു. ഇളം തണുപ്പിൽ പൈൻ മരങ്ങൾക്കിടയിലൂടെ ഞങ്ങൾ സഞ്ചരിച്ചു. പാട്യാലാ മഹാരാജാവായിരുന്ന രാജേന്ദ്ര നിർമിച്ച ചായൽ കൊട്ടാരമായിരുന്നു ആദ്യ ലക്ഷ്യം. രാജഭരണകാലത്തെ ഉപകരണങ്ങളും ആയുധങ്ങളുമെല്ലാം ഞാനിവിടെ കണ്ടു. ഹിമാചലിന്റെ ഔദ്യോഗിക പക്ഷിയായ മൊണാലിനേയും കസ്തൂരിമാനിനേയും കാണാനാവുന്ന ഹിമാലയൻ സാങ്ച്വറിയാണ് അടുത്ത ലക്ഷ്യം.രാത്രിയിലെ താമസം നർക്കണ്ട എന്ന സ്ഥലത്ത് നിന്നും സരാഹൻ എന്ന സ്ഥലത്തേക്ക് മാറ്റി. അപ്പോഴേക്കും ഞാൻ അവശയായിരുന്നു.

പിറ്റേന്ന് സെപ്റ്റംബർ 11 ന് ഞാൻ ഉറക്കമുണർന്നത് ചുറ്റും വിളഞ്ഞ് നിൽക്കുന്ന ആപ്പിൾ തോട്ടങ്ങൾക്കിടയിലായിരുന്നു. ആ കാഴ്ച അതിമനോഹരമായിരുന്നു.

ആപ്പിൾ തരംതിരിച്ച് പെട്ടിയിലാക്കുന്ന ഒരു കേന്ദ്രത്തിലേക്ക് ഞങ്ങൾ പോയിരുന്നു. ഇന്നത്തെ യാത്രയുടെ ആദ്യ ലക്ഷ്യം ലോകത്തിലെ 51 കാളിക്ഷേത്രങ്ങളിൽ ഏറ്റവും വലുതായ ഭിം കാളിക്ഷേത്രത്തിലേക്കായിരുന്നു.ചെങ്കുത്തായ കുന്നുകളിലൂടെ കിന്നൗർ ജില്ലയിലൂടെ യാത്ര തുടർന്നു. പോകുന്ന വഴിയിൽ സാൻഗ്ല എന്ന സ്ഥലത്തെ കോട്ട സന്ദർശിച്ചു. രക്ചം എന്ന സ്ഥലത്തായിരുന്നു അന്നത്തെ ഉറക്കം.

ടിബറ്റിന്റെ അതിർത്തിയിലുള്ള ഇന്ത്യയുടെ ലാസ്റ്റ് വില്ലേജായ ചിത്കുൽ ഗ്രാമത്തിലേക്കാണ് രാവിലെ പോയത്. ഇവിടെയുള്ള ഫഫ്ര എന്നു പേരു പറഞ്ഞ വിളയുടെ പാടം അതിമനോഹരമായിരുന്നു. കൽപ്പ എന്ന സ്ഥലത്ത് എത്തിയപ്പോൾ ചുറ്റും ആപ്പിൾ തോട്ടങ്ങൾ മാത്രം.

പിറ്റേന്ന് നാക്കോ, ടാബോ എന്നിവിടങ്ങളിലെ മൊണാസ്റ്ററികളും കാഴ്ചകളും കാണാൻ പുറപ്പെട്ടു. ഗ്യൂ എന്ന സ്ഥലത്ത് ബുദ്ധ സന്യസിമാരുടെ മമ്മി കണ്ടു. ധൻ കറിൽ നിന്ന് പിൻവാലി ലക്ഷ്യമാക്കി യാത്ര തുടർന്നു. ഏറ്റവും ഉയരം കൂടിയ ബുദ്ധ പ്രതിമ കാണാനും ലോകത്തെ ഏറ്റവും ഉയരത്തിലുള്ള മോട്ടോറബ്ൾ റോഡുള്ള കോമിക് വില്ലേജ് കാണാനും ലാങ്സയിലേക്ക് പോയി.

പിറ്റേന്ന് രാവിലെ ചന്ദ്രതാൾ തടാകം കാണാൻ പോയി. ചിക്- ചാം പാലം കടന്ന് വേണം പോകാൻ. എത്രയോ മനോഹരമാണ് ചന്ദ്രതാൾ തടാകം. രാത്രിയിലെ താമസം തടാകത്തിൽ നിന്നും കുറച്ച് മാറി ടെൻഡുകളിലായിരുന്നു. ഈ യാത്രയിൽ മണാലിയിലേക്കും പോയി. രാത്രി ക്യാമ്പ് ഫയർ ഉണ്ടായിരുന്നു.

യാത്രയിലെ അവസാന ദിവസം പാർവ്വതി വാലിയിലെ മണികരൺ ആയിരുന്നു ലക്ഷ്യം. ഗുരുദ്വാരയിലെ ചൂട് നീരുറവ ഒരു അത്ഭുതമാണ്. സ്പ്തിയാത്ര മറക്കാനാവാത്ത അനുഭവങ്ങളാണ് സമ്മാനിച്ചത്. ശരിക്കും ദേവഭൂമി തന്നെയാണ് സ്പ്തി.

# കുട്ടികൾ വരച്ച ചിത്രങ്ങൾ

Devanandha. P VI-C



Sreya A K VIII A



Devika . K. T. K IX-D






Malavika C P VII-A





Navanya pran V - X D



Rishana Sherin IX D



Shivanandana  VIII-D



Sreelakshmi P VIII D



# ഭാരതത്തിന്റെ ഭരണഘടന

**അനുപ്രിയ - VIII A, ഫാത്തിമത്തുൽ മിസരിയ – VIII A**

**ആമുഖം**

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം; സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും; ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും; പദവിയിലും അവസരത്തിലും സമത്വവും; സംപ്രാപ്തമാക്കുവാനും; അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;സഗൗരവം തീരുമാനിച്ചിരിക്കയാൽ; നമ്മുടെ ഭരണഘടനാ നിർമ്മാണ സഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഭരണഘടനയ്ക്ക് രൂപം നൽകാൻ 1947 ഓഗസ്റ്റ് 29 ന് ഭരണഘടനാനിർമ്മാണസഭ ഏഴംഗ ഡ്രാഫ്റ്റിങ് കമ്മിറ്റിയെ നിയമിച്ചു. ഇന്ത്യയുടെ പരമോന്നത നിയമഗ്രന്ഥമായ ഭരണഘടന പിറവിയെടുത്തത് ആ ഏഴുപേരുടെ ജാഗ്രതയിലാണ്.

### 1. ഡോ. ബി. അർ. അംബേദ്കർ

അംബേദ്കറായിരുന്നു ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാൻ . പിന്നീടദ്ദേഹം ഇന്ത്യൻ ഭരണഘനയുടെ പിതാവെറിയപ്പെട്ടു . മത , ലിംഗ , ജാതി സമത്വം , സംവരണം എന്നീ ആശയങ്ങൾ ഭരണഘടനയ്ക്ക് സംഭാവന ചെയ്തത് .

### 2. കെ. എം. മുൻഷി

അഭിഭാഷകനായിരുന്ന കനയ്യലാൽ മനേക്ലാൽ മുൻഷിയാണ് സമിതിയിലെ മറ്റൊരംഗം. സ്വകാര്യതയ്ക്കുള്ള അവകാശം , നിർബന്ധിത വിദ്യാഭ്യാസം എന്നിവ ഭരണഘടനയിൽ ചേർക്കാനുള്ള നിർദ്ദേശം മുൻ ഷിയുടേതായിരുന്നു. ഭാരതീയ വിദ്യാഭവന്റെ സ്ഥാപകൻ കൂടിയായ മുൻഷി സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ മൂന്നാമത്തെ കൃഷിമന്ത്രിയായി.

## 3. എൻ. ഗോപാലസ്വാമി അയ്യങ്കാർ

കാശ്മീർ പ്രധാനമന്ത്രിയായിരുന്ന ഗോപാലസ്വാമി അയ്യങ്കാർ. കാശ്മീരിന് പ്രത്യേകസ്വയംഭരണാധികാരം നൽ

കുന്ന 370- ാം അനുച്ഛേദത്തിന്റെ നിർമ്മാണത്തിൽ നിർണായക പങ്കുവഹിച്ചു.

## 4. അല്ലാഡി കൃഷ്ണസ്വാമി അയ്യർ

മദ്രാസ് സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ് ജനറലായിരുന്ന അല്ലാഡി കൃഷ്ണസ്വാമി അയ്യർ. മൗലികാവകാശങ്ങൾ

ക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനെയും അടിയന്തരാവസ്ഥാ വേളകളിൽ രാഷ്ട്രപതിക്ക് പ്രത്യേകാധികാരം നൽ

കുന്ന തിനെയും പിന്തുണച്ചു.

## 5. ഡി. പി. ഖെയ്താൻ

ഖെയ്താൻ കമ്പനിയുടെ സ്ഥാപകനും അഭിഭാഷകനുമായിരുന്ന ദേബി പ്രസാദ് ഖെയ്താൻ. 1948-ൽ ഖെയ്താൻ

അന്തരിച്ചതോടെ ടി. ടി. കൃഷ്ണമാചാരി സമിതിയിലെത്തി.

## 6. മുഹമ്മദ് സാദുള്ള

അസം പ്രധാനമന്ത്രിയായിരുന്ന അഭിഭാഷകനായ മുഹമ്മദ് സാദുള്ള, വടക്കു-കിഴക്കൻ സംസ്ഥാനങ്ങളെ

പ്രതിനിധാനം ചെയ്ത് സമിതിയിലുണ്ടായിരുന്ന ഏക അംഗം.

## 7. ബി. എൽ. മിത്തെർ

പശ്ചിമബംഗാൾ അഡ്വക്കേറ്റ് ജനറലായിരുന്ന അഭിഭാഷകനായ ബി. എൽ. മിത്തെർ. ഇദ്ദേഹത്തിന് പകരം എൻ.

മാധവറാവു പിന്നീട് സമിതിയിലെത്തി.

# ഭരണഘടനയുടെ വനിതാശില്പികൾ

ഭരണഘടനാനിർമ്മാണ സഭയിൽ വനിതകളെ ഉൾപ്പെടുത്തിയ ലോകത്തെ ആദ്യ രാജ്യം ഇന്ത്യയാണ്. അവകാശങ്ങൾക്കോ സമത്വത്തിനോ വേണ്ടിയുള്ള സമരങ്ങളും പ്രതിഷേധങ്ങളുമൊന്നും കൂടാതെയാണ് സ്ത്രീകൾക്ക് പ്രാതിനിധ്യം ലഭിച്ചത്. ആദ്യ ഭരണഘടനാനിർമ്മാണസഭയിലെ 299 അംഗങ്ങളിൽ 15 പേർ സ്ത്രീകളായിരുന്നു. (15 പേരിൽ 3 പേർ മലയാളികളായിരുന്നു). സ്ത്രീകൾ രാഷ്ട്രീയ, അധികാരകേന്ദ്രങ്ങളിൽ നിന്ന് മാറ്റിനിർത്തപ്പെട്ടിരുന്ന കാലഘട്ടത്തിൽ മാറ്റത്തിലേക്കുള്ള പുതുപാത തെളിച്ചവരായിരുന്നു അവർ. തുല്യ നീതി, തുല്യ അവകാശം, മനുഷാവകാശം, വിവേചനത്തിനെതിരേയുളള അവകാശം, ബാല്യവിവാഹനിരോധനം എന്നിങ്ങനെ ഒട്ടേറെ വിശയങ്ങൾല ഭരണഘടനയിലുൾപ്പെടാൻ കാരണക്കാർ ഈ ധീരവനിതകളാണ്. ആനി മാസ്ക്രീൻ, അമ്മു സ്വാമിനാഥൻ, ബീഗം ഐസാസ് റസൂൽ, വിജയലക്ഷ്മി പണ്ഡിത്,ലീല റോയ്,പൂർണിമ ബാനർജി, കമലാ ചൗധരി, ദാക്ഷായണി വേലായുധൻ, സുചേതാ കൃപലാനി, ദുർഗാബായ് ദേശ്മുഖ്എന്നിവരാണ് ആ ധീരവനിതകൾ. സരോജിനി നായിഡു, ഹൻസമെഹ്ത, രേണപ റേ, രാജ്കുമാരി അമൃത് കൗർ, മാലതി ചൗധരി .

# ഭരണഘടനാ പിറവിയിലൂടെ

- 2 വർഷവും, 11 മാസവും, 17 ദിവസവുമാണ് ഇന്ത്യൻ ഭരണഘടനാ രൂപീകരണ സമയം.
- ഭരണഘടന നിർമ്മണ സഭ രൂപീകരിച്ചു കൊണ്ടാണ് ഇന്ത്യയുടെ ഭരണഘടന നിർമ്മാണ പ്രവർത്തനം ആരംഭിചത്.
- ഭരണഘടനാ നിമ്മാണസഭയുടെ ആദ്യ സമ്മേളനം 1946 ഡിസംബർ 9 ന് ചേർന്നു.
- ഡോ. സച്ചിദാനന്ദ സിൻഹ താൽക്കാലിക അധ്യക്ഷൻ.
- ശേഷം ഡോ. രാജേന്ദ്രപ്രസാദ് ഭരണഗടനാനിർമാണ സഭയുടെ സ്ഥിരം അധ്യക്ഷനായി.
- നിരവധി കമ്മിറ്റികൾ രൂപീകരിച്ചാണ് ഭാണഘടനാനർമാണസഭ പ്രവർത്തനം തുടങ്ങിയത് .
- ഇത്തരം കമ്മിറ്റികളിൽ ഒന്നാണ് ഭരണഘടനയുടെ കരട് തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച ഭരണഘടനാഡ്രാഫ്റ്റിംഗ് കമ്മറ്റി. ഈ കമ്മറ്റിയുടെ അധ്യക്ഷൻ ;ഡോ. ബി.ആർ. അംബേദ്ക്കർ .

- ഇന്ത്യൻ ഭരണഘടനയുടെ ശില്പി :- ഡോ. ബി.ആർ.അംബേദ്കർ.
- ഭരണഘടനാനിർമ്മാണസഭ അംഗീകരിച്ച വിവിധ കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംബേദ്കറുടെ നേതൃത്വത്തിലുള്ള കമ്മറ്റി ഭാണഘടനയുടെ ഒരു ഡ്രാഫ്റ്റ് (കരട്)തയ്യാറാക്കി.
- വിശദമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം ഭരണഘടനാനർമാണസഭ **1949** നവംബർ **26** ന് ഭരണഘടനക്ക് അംഗീകാരം നൽകി.

  ലോക ഭരണഘടനാദിനം : നവംബർ **26.**
- എന്നാൽ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത് **1950** ജനുവരി **26** ന് ആണ്.

**അന്നുമുതൽ ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക്ക് ആയി മാറി**

## അദ്ധ്യാപകരുടെ രചനകൾ

# പുറത്താക്കപ്പെടുന്നവർ....

സവിത.പി. കെ

അവളെ ഞാനിന്ന് വീണ്ടും കണ്ടു. വർഷങ്ങൾക്കു മുൻപ്എന്റെ ക്ലാസിലുണ്ടായിരുന്ന വെളുത്ത് മെലിഞ്ഞ പെൺകുട്ടി റസീന. ശുഷ്കിച്ച കൈകൾ, മെലിഞ്ഞൊട്ടിയ, പുഞ്ചിരി പേരിനു പോലും പ്രത്യക്ഷപ്പെടാത്ത മുഖം- ദാരിദ്ര്യം അടയാളപ്പെടുത്തിയ ശരീരം- നിറം മങ്ങിയ യൂണിഫോം. ഏതൊക്കെയോ വ്യഥകളുടെ പര്യായം പോലെ അവൾ കാണപ്പെട്ടു. ഞാൻ ജോയിൻ ചെയ്ത്

നാലാം ദിവസം അവൾ ക്ലാസിൽ വന്നില്ല. അവളുടെ കൂട്ടുകാരികളോട് ഞാൻ അവളെ പറ്റി ചോദിച്ചു. അവർ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയോടെ കേട്ടു. പിറ്റേന്ന് അവൾ ക്ലാസിലെത്തിയപ്പോൾ ഞാൻ ചോദിച്ചു " എന്തേ ഇന്നലെ വന്നില്ല? ". പത്തേമുക്കാലിനിടയിലും എത്താൻ പറ്റുമായിരുന്നില്ല. അവളുടെ മറുപടി എന്നെ അമ്പരപ്പിച്ചു. എന്റെ അമ്പരപ്പ് കണ്ടിട്ടാവണം കുട്ടികൾ പറഞ്ഞു " പത്തേ മുക്കാലിനു ശേഷം വന്നാല് കണക്ക് മാഷ് ഓള ക്ലാസിൽ കേറ്റൂല്ല." പിറ്റേ ദിവസം ഞാൻ അവളെ വാതിൽക്കലേക്ക് ചെന്ന് തട്ടത്തിൽ തടവി കൊണ്ട് ക്ലാസിൽ കൊണ്ടുവന്നിരുത്തി. കുറേ ദിവസങ്ങൾ വ്യത്യാസമില്ലാതെ കടന്നുപോയി. ഒരു ദിവസം ക്ലാസ്സെടുക്കുന്നതിന്റെ ഇടയിൽ പുറത്തേക്ക് നോക്കിയപ്പോൾ യൂണിഫോം ഇട്ട നാലു കുട്ടികൾ ഗേറ്റിനു പുറത്ത്. ഗേറ്റ് പുറത്തു നിന്ന് പൂട്ടി പി. ഇ. ടി പുറത്ത് പോയതാണ്. വൈകി വരുന്ന കുട്ടികളെ ശിക്ഷിക്കാൻ ബോധപൂർവം ചെയ്തതാണ്. ആ നാലു പേരുടെ കൂട്ടത്തിൽ ഒന്ന് എന്റെ റസീന. ക്ലാസിൽ നിന്ന് പതുക്കെയിറങ്ങി അല്പം പതുങ്ങിയോടിച്ചെന്ന് ഞാൻ ശബ്ദമുണ്ടാക്കാതെ ഗേറ്റിന്റെ കിറ്റി നീക്കി. ഒന്നും സംഭവിക്കാത്ത രീതിയിൽ ക്ലാസ് തുടർന്നു. മറ്റ് കുട്ടികൾ ക്ലാസുകളിലെക്ക് പോയിട്ടുണ്ടാവണം. എന്റെ കുട്ടി എന്റെ പിന്നാലെ ക്ലാസിലെത്തി.

പുതിയ ഹെഡ് മാസ്റ്റർ ജോയിൻ ചെയ്തു. സ്ക്കൂളിനാകെ പുതിയൊരു മാറ്റമുണ്ടാക്കി. സ്ക്കൂളിൽ എല്ലായിടത്തും ഓടി നടക്കുന്ന ഹെഡ് മാസ്റ്റർ. ഡിസിപ്ലിൻ മെച്ചപ്പെടുത്താൻ വിശദമായ ഒരു സംയുക്ത സ്റ്റാഫ് മീറ്റിങ്ങ്. അതിൽ പി. ഇ. ടി വിമർശന വിധേയനായി. സ്ക്കൂളിൽ അച്ചടക്കം നടപ്പിലാക്കാൻ ക്ലാസധ്യാപകർ അനുവദിക്കുന്നില്ലെന്നു അദ്ദേഹം സ്വന്തം ഭാഗം ന്യായീകരിച്ചു. പൂട്ടിയ ഗേറ്റ് തുറന്ന വിവരം വള്ളി പുള്ളി വിടാതെ സ്റ്റാഫ്

മീറ്റിങ്ങിൽ വിവരിക്കപ്പെട്ടു. ഒരു കുറ്റവാളിയെ നോക്കുന്ന പോലെ ഒരു ശതം കണ്ണുകൾ ഒരുമിച്ച് എന്നെ നോക്കി. അന്നാദ്യമായി അനാവരണം ചെയ്യപ്പെട്ട ഒരു പുതിയ വിഷയത്തോടുള്ള മമത എല്ലാവരും കണ്ണുകളിൽ സൂക്ഷിച്ചു. ഓരോരുത്തരും അടുത്തടുത്തിരിക്കുന്നവരോട് കുശുകുശെ പറഞ്ഞുകൊണ്ട് സ്വന്തം താല്പര്യം വെളിപ്പെടുത്തി.

ടീച്ചർക്ക് എന്താണ് പറയാനുള്ളത്? ഹെഡ്മാസ്റ്റർ. ഞാൻ അവസരം നഷ്ടപ്പെടുത്താതെ എഴുന്നേറ്റു. സർ, അല്പ് ഗേറ്റിനു പുറത്ത് എന്റെ ക്ലാസിലെ ഒരു കുട്ടിയുണ്ടായിരുന്നു. അവൾക്ക് ഗേറ്റിനു പുറത്ത് നിന്നു കളയാൻ സമയമില്ലെന്നു അറിയാവുന്നതു കൊണ്ടാണ് ഞാൻ ഗേറ്റ് തുറന്നു കൊടുത്തത്. നാളെ അവൾ ഈ വരാന്തയിലൂടെ നടന്ന് പോവുമ്പോൾ ഇതാണ് നമ്മൾ പറഞ്ഞ റസീന എന്ന് ആ കുട്ടിയെ ആരും കൈ ചൂണ്ടുകയില്ലെന്ന് മാഷ് ഉറപ്പ് തന്നാൽ അവളുടെ കാര്യങ്ങൾ ഞാൻ ഇവിടെ വെളിപ്പെടുത്താം. എന്റെ വാക്കുകൾ അൽപ്പം പരുഷമായി പോയെന്ന തോന്നൽ അപ്പോൾ തന്നെ എനിക്കുണ്ടായി. അല്പം വല്ലായ്മയോടെ ഞാനിരുന്നു.

ഈ ചർച്ച ഇനിയൊരവസരത്തിലാകാം - മാഷ് സീറ്റിൽ നിന്ന് എഴുന്നേറ്റ് സ്വന്തം ക്യാബിനിലേക്ക് പോയപ്പോൾ പിന്നാലെ ഞാനും ചെന്നു. ഇനിയിപ്പോ എനിക്കെന്ന വിശദീകരിച്ചല്ലേ പറ്റൂ...

ടീച്ചറിരിക്കു- മാഷിനു അഭിമുഖമായി ഞാനിരുന്നു. പറയൂ
സർ, ആ കുട്ടിക്ക് കടലോളം സങ്കടങ്ങളുണ്ട്. ഉമ്മ മനോരോഗിയാണ്. ഉപ്പ ഉപേക്ഷിച്ചു പോയി. അമ്മാവൻമാരാണ് ചെലവിനു കൊടുക്കുന്നത്. വീട്ടിൽ നിന്ന് ഉമ്മയെ നോക്കിയാൽ മതി, സ്കൂളിൽ പോവണ്ട എന്നതാണ് അവരുടെ നിർദ്ദേശം. വെളുപ്പിനു നാലു മണിക്കെഴുന്നേറ്റ് ഒരു വീട്ടിലെ മുഴുവൻ ജോലിയും തീർത്ത് ഉമ്മയ്ക്ക് ആഹാരവും കൊടുത്ത്, അവരെ കുളിപ്പിച്ച്, വസ്ത്രം മാറ്റി, അവരുടെ ഗുളിക കൊടുത്ത് സ്കൂളിലേക്ക് വരുന്ന ഒരു കുട്ടി അല്പം വൈകി പോയാൽ അത് ക്ഷമിക്കാനേ എന്റെ മാതൃത്വം അനുവദിക്കൂ. അതു കൊണ്ടാണ് വൈകിയതിന്റെ പേരിൽ പുറത്ത് നിൽക്കാൻ അവൾക്ക് സമയമില്ലാന്ന് ഞാൻ പറഞ്ഞത്. അവൾക്ക് നേരാവണ്ണം ആഹാരമോ ഉറക്കമോ ഇല്ലെന്ന് അവളെ കണ്ടാലറിയാം. അതാ നോക്കാനും ആരുമില്ല. അവളുടെ കണ്ണുകൾ അത് പറയും. അവൾ കിട്ടുന്ന സമയത്ത് ഇവിടേക്കാ് വരുന്നത് പഠിക്കാനുള്ള ആഗ്രഹം കൊണ്ടാണ്. എന്തെങ്കിലും ആവണം എന്നത് അഗ്നിയായി അവളുടെ ഉള്ളിൽ ജ്വലിക്കുന്നുണ്ട്. നമ്മളായിട്ടി അത് കെടുത്തി കളയരുത്.കണ്ണുകൾ നനഞ്ഞതാ മാഷ് കാണും മുമ്പേ അവിടം വിടണമെന്ന് തോന്നി ഞാനെണീറ്റു. ഞാൻ തിരിഞ്ഞുനടക്കാൻ ഒരുങ്ങുമ്പോൾ മാഷ് വിളിച്ചു -ഇതൊക്കെ എങ്ങനെ കണ്ടുപിടിക്കുന്നു? ഒരു ഭാരം ഇറക്കിയ ആശ്വാസത്തോടെ ഞാൻ ചിരിച്ചു. വർഷങ്ങൾക്ക് ശേഷം ഇന്ന് ഞാനവളെ വീണ്ടും കണ്ടു. ഞാനീ പ്രൈവറ്റ് ഹോസ്പിറ്റലിൽ.

ബ്ലഡ് റിസൽട്ട് ആയോ? അൽപ്പം ശബ്ദം ഉയർത്തി ഞാൻ ചോദിച്ചു. ലാബിലെ പെൺകുട്ടി ഒന്ന് തിരിഞ്ഞു. ടീച്ചർ.........ടീച്ചർക്കെന്നെ ഓർമ്മയുണ്ടോ?....

ഇല്ലാന്ന് ഞാൻ എങ്ങനെ പറയും?

അവൾ നന്നായി സംസാരിക്കുന്നു. ഓർമ്മകളിലൂടെ വർഷങ്ങൾ പിന്നോട്ട് സഞ്ചരിക്കാൻ അവൾ എന്നെ സഹായിച്ചു. അവളെ ചേർത്ത് പിടിച്ചപ്പോഴാണ് അവൾ കരയുകയാണെന്ന് എനിക്ക് മനസിലായത്.

## IMPORTANCE OF HEALTH AND PHYSICAL EDUCATION

## **“SOUND MIND IN A SOUND BODY”**

## **‘HEALTH IS WEALTH’**

Shiju PP PET

*These are the two meaningful quoting that insist the importance of health and physical education.*

*World health organization defines ‘health is a state of physical, mental, and social well being in which disease and infirmity are absent’.*

*Nowadays the life style diseases are increasing at an alarming rate and even these diseases are seen in school children. This is due to lack of physical activities and exercise. New generation children are interested in video games, internet and social media than going out and play games.*

*Physical education simply means the ‘Education through movements’. Physical education aims at all round development of an individual. This is an important part in day to day’s life. It greatly affects an individual’s life style and health. Regular exercise help the individual to be free from health related problems like obesity, diabetes, high B P, cholesterol etc. In many common wealth countries physical education is an educational cause related to physique of the human body. It is taken during primary and secondary education and encourages psychomotor learning in a play or movement exploration setting to promote health. Physical education also provides psychological benefits such as mental health, concentration, awareness, socialization and positive mood.*

So it is high time to implement health and physical education as a compulsory subject in school and college curriculum and to make a healthy nation in future.

# കൈത്താങ്ങ്

**ലിൻസി മുരളി റിസോഴ്സ് ടീച്ചർ**

ഭിന്നശേഷിക്കാരായവരുടെ പ്രശ്നങ്ങൾ വളരെയേറെ ശ്രദ്ധിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനത്തിനും അവരുടെ ഉന്നമനത്തിനുമായി ധാരാളം പ്രവർത്തനങ്ങൾ ഈ വിദ്യാലയം ഏറ്റെടുത്ത് നടത്തിവരുന്നു. ഇവർ അക്കാദമിക മേഖലകളിൽ പിന്നോക്കത്തിൽ കാണുന്നുണ്ടെങ്കിലും മറ്റു പ്രവർത്തനങ്ങളിൽ മുൻപന്തിയിലാണ്.

ഒരോ കുട്ടിയും വ്യത്യസ്ത നിലവാരത്തിലുള്ളതാണ്. 21 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. ക്ലാസ്റൂം പ്രവർത്തനങ്ങളിൽ ഒരോ കുട്ടിയുടേയും നിലവാരത്തിനനുയോജ്യമായ രീതിയിൽ അനുരൂപീകരണം നടത്തുന്നു. സമസംഘപഠനത്തിലൂടെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്ക് നേരനുഭവം നൽകുന്നതിനായി പഠനയാത്ര സംഘടിപ്പിച്ചുതനുഭവമായി മാറി. എല്ലാ വർഷവും മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കുകയും ഉപകരണം ആവശ്യമായവർക്ക് ഉപകരണം ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

ശാരീരിക വിഷമതകൾ കാരണം സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളെ സ്കൂളിലെത്തിച്ച് സ്കൂൾ അനുഭവം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയത് ഏറെ ശ്രദ്ധേയമായി എല്ലാ പരിമിതികളെയും അതിജീവിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്താൻ ഒരു കൈത്താങ്ങായി മാറുന്നു ഇവിടുത്തെ അധ്യാപകരും സഹപാഠികളും.